(ബി) ഇല്ലെങ്കിൽ ലഭ്യമായ പുറമ്പോക്ക് ഭൂമിയുടെ പട്ടിക തയ്യാറാക്കുവാൻ നിർദ്ദേശം നൽകുമോ;

(സി) സ്വന്തമായി ഓഫീസ് കെട്ടിടമില്ലാത്ത വകുപ്പുകൾക്ക് കെട്ടിടം പണിയാൻ അനുയോജ്യമായ സ്ഥലങ്ങൾ ഇതിൽ നിന്നും ലഭ്യമാക്കാൻ നടപടിയെടുക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭ്യമായ പുറംപോക്ക് ഭൂമിയുടെ പട്ടിക വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാണ്.

(ബി) വില്ലേജ് അടിസ്ഥാനത്തിലുള്ള രജിസ്റ്ററുകൾ ലഭ്യമായതിനാൽ പട്ടിക തയ്യാറാക്കുന്നതിന്റെ ആവശ്യം ഉദിക്കുന്നില്ല.

(സി) ലഭ്യമായ പുറംപോക്ക് ഭൂമിയിൽ നിന്നും അനുയോജ്യമായ സ്ഥലങ്ങൾ സ്വന്തമായി ഓഫീസ് കെട്ടിടമില്ലാത്ത വകുപ്പുകൾക്ക് കെട്ടിടം പണിയുന്നതിന് ആവശ്യപ്പെടുന്ന കേസുകളിൽ ഭൂമി കൈമാറ്റത്തിനുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായി നൽകി വരുന്നുണ്ട്.

പാട്ടത്തിന് നൽകിയ വനഭൂമി

103 [1307] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഏക്കർ റവന്യൂ ഭൂമി വിവിധ വ്യക്തികൾ, സ്ഥാപനങ്ങൾ തുടങ്ങിയവർക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്;

(ബി) ഇവ എന്തു തുകയ്ക്കാണ് പാട്ടത്തിന് നൽകിയിട്ടുള്ളത് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(സി) എത്ര ഏക്കർ റവന്യൂ ഭൂമി നിയമവിധേയമല്ലാതെ വ്യക്തികൾ, സ്ഥാപനങ്ങൾ തുടങ്ങിയവരുടെ കൈവശമുണ്ട് എന്നതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഏക്കർ റവന്യൂ ഭൂമി വ്യക്തികൾ, സ്ഥാപനങ്ങൾ തുടങ്ങിയവർക്ക് കൈവശഅവകാശം സ്ഥാപിച്ചു നൽകിയിട്ടുണ്ട് എന്നതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) റവന്യൂ ഭൂമി പാട്ടത്തിന് നൽകിയ വകയിൽ എന്തു തുക നാളിതുവരെ ലഭിക്കാനുണ്ട് എന്നതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം വ്യക്തമാക്കുമോ; ഇവരിൽ നിന്നും ഈ തുക ഈടാക്കുന്നതിന് ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു എന്നും ആർക്കെല്ലാം റവന്യൂ നടപടികളിൻമേൽ സ്റ്റേ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 6504.4826 ഏക്കർ റവന്യൂ പുറമ്പോക്ക് ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) റവന്യൂ ഭൂമി പാട്ടത്തിന് നൽകിയ വകയിൽ എന്തു തുക ലഭിക്കാനുണ്ട് എന്നതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(ആകെ തുകയിൽ നിന്നും സ്റ്റേ കഴിച്ച് പിരിച്ചെടുക്കാവുന്ന തുകയാണിത്.)

ജില്ല	പിരിച്ചെടുക്കാവുന്ന തുക
തിരുവനന്തപുരം	14,24,99,747
കൊല്ലം	24,89,279
ആലപ്പുഴ	12,85,290
പത്തനംതിട്ട	3,40,656
കോട്ടയം	5,03,067
ഇടുക്കി	4,43,203
എറണാകുളം	36,05,555
തൃശൂർ	27,75,167
പാലക്കാട്	4,61,943
മലപ്പുറം	5,22,037
കോഴിക്കോട്	64,17,177
വയനാട്	2,69,092
കണ്ണൂർ	24,13,864
കാസർഗോഡ്	4,74,328
ആകെ	**16,45,08,405**

LIBRARY ARCHIVES Kerala Legislative Assembly